(*b*) This can be known only after the finalisation of the draft plan after discussions with the Government of India.

(*c*). Continuous employment to about 3·6 lakhs persons and relief from under-employment to 2.7 lakhs persons.

പ്രൈവറ്റ്സ്കൂളുകളിലെ നിയമനം.

* 275. [34] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈവറ്റ്സ്കൂളുകളിലെ നിയമനകാര്യത്തിൽ മാനേജ്മെൻറ് പല ക്രമക്കേടുകളും നടത്തിവരുന്നതായി വല്ല പരാതികളും ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുതസ്കൂളുകളിലെ നിയമനം പബ്ലിക്സർവ്വീസ് കമ്മീഷൻ മുഖേന നടത്തണമെന്നുള്ള ബഹുജന സംഘടനകളുടെ നിശ്ചയങ്ങൾ ഗവണ്മെൻറിൻറെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) അതിന്മേൽ എന്തെങ്കിലും നടപടി ഗവണ്മെൻറ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ട്.
(ബി) ഉണ്ട്.
(സി) ഈകാര്യം ആലോചനയിൽ ഇരിക്കുകയാണ്.

മലയാള ഗ്രന്ഥങ്ങൾ.

* 276. [35] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളസാഹിത്യത്തെ പ്രോത്സാഹിപ്പിക്കുവാൻ ഉത്തമഗ്രന്ഥങ്ങൾക്ക് ഓരോ കൊല്ലവും സമ്മാനം നൽകുന്നതിനു ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതേപ്പറ്റി വല്ല നിവേദനവും ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഗവണ്മെൻറ് ഉദ്ദേശിക്കുന്നില്ല.
(ബി) ഇല്ല.

കടിൽവ്യവസായങ്ങൾ.

* 277. [37] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കന്നൂർനാട്ട്–ചാലക്കുടി കമ്മ്യൂണിറ്റി പ്രോജക്ടിറ്റിന്റെ കീഴിൽ കടിൽവ്യവസായങ്ങൾക്കുവേണ്ടി ഇതുവരെ ആകെ എന്തു ചെലവായിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly